LIBRARY ARCHIVES Kerala Legislative Assembly

ചെക്ക്പോസ്റ്റുകളിലെ നികുതി വെട്ടിപ്പ്

25 (*205) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക്പോസ്റ്റുകളിൽ കൂടിയുള്ള നികുതി വെട്ടിപ്പ് തടയുന്നതിൽ ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് കോഴിക്കടത്തിലൂടെ വൻ നികുതി ചോർച്ച സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഈ വർഷം ഒക്ടോബർ വരെ അന്യസംസ്ഥാനത്തു നിന്നും കോഴി എത്തിക്കുന്നതിലുള്ള നികുതി വരവിൽ വൻ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ചെക്ക്പോസ്റ്റ് അധികൃതരുടെ കാര്യക്ഷമതയില്ലായ്മമൂലം ഇത്തരത്തിൽ കോഴിക്കടത്തിലൂടെ എത്ര വരുമാന നഷ്ടം സംഭവിക്കുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിലുൾപ്പെട്ട ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോഴിയും കോഴിയിറച്ചിയും നികുതി വെട്ടിപ്പിന് സാദ്ധ്യതയുള്ള ചരക്കാണ്. നികുതി വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള ചരക്കുകളിന്മേൽ മൂല്യ വർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 47 (16 എ) പ്രകാരം മുൻകൂർ നികുതി ഈടാക്കുന്നുണ്ട്. കോഴിയും കോഴിക്കുഞ്ഞും ഇതിൽ ഉൾപ്പെടുന്നുണ്ട്. വാണിജ്യ നികുതി കമ്മീഷണർ നിശ്ചയിച്ച തറവിലയുടെ അടിസ്ഥാനത്തിലാണ് മുൻകൂർ നികുതി ഈടാക്കുന്നത്. സംസ്ഥാനത്തേക്ക് കോഴി കൊണ്ടുവരുമ്പോൾ മുൻകൂർ നികുതി അടച്ച് മാത്രമേ പ്രവേശിക്കാൻ അനുവാദമുള്ളൂ. അതിനാൽ നികുതി ഒഴിവാക്കുന്നതിനായി ഊടുവഴികളിലൂടെ കോഴികടത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് നികുതി വെട്ടിച്ച് കോഴികടത്താൻ ധാരാളം ഊടുവഴികളുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പിന്റെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും കോഴി കൊണ്ടുവരുമ്പോൾ മുൻകൂർ നികുതിയടച്ചാൽ മാത്രമേ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കുന്നതിനു അനുവാദമുള്ളൂ. കഴിഞ്ഞ സാമ്പത്തിക വർഷം (2013-14) ഒക്ടോബർ വരെ കോഴിയിൽ നിന്നുള്ള മുൻകൂർ നികുതി വരുമാനം 65.36 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം (2014-15) ഒക്ടോബർ വരെ ലഭിച്ചത് 62.04 കോടി രൂപയുമാണ്.

(ഡി) ചെക്ക്പോസ്റ്റിലൂടെ കോഴി സംസ്ഥാനത്തേക്ക് കൊണ്ടുവരുമ്പോൾ മുൻകൂർ നികുതിയടച്ചാൽ മാത്രമേ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കാൻ അനുവാദമുള്ളൂ അതിനാൽ ചെക്ക്പോസ്റ്റു വഴി കടന്നു വരുന്ന കോഴികളിന്മേൽ കൃത്യമായ നികുതി ഈടാക്കുന്നുണ്ട്. പക്ഷേ, തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് നികുതി വെട്ടിച്ച് കോഴി കടത്താൻ ധാരാളം ഊടുവഴികളുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പിന്റെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. ചെക്ക്പോസ്റ്റ് അധികൃതർ കാര്യക്ഷമമായാണ് ചുമതലകൾ നിർവ്വഹിക്കുന്നത്. ഒറ്റപ്പെട്ട ചില സംഭവങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഊടുവഴികളിലൂടെ കടത്തിക്കൊണ്ടുവരുന്ന സാഹചര്യം ഒഴിവാക്കാൻ നിലവിലുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

ഹരിത യൗവനം പദ്ധതി

26 (*206) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിത യൗവനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ-ഡി) യുവജനക്ഷേമ ബോർഡ് ഹരിതയൗവനം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly